To
AMIS
[handwritten initials] 25/7/19
PRO

# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 25.07.2019

**അന്തർദേശീയ കണ്ടൽ ദിനാഘോഷം:**
**ശില്പശാല ഇന്ന്(ജൂലൈ 26)**

അന്തർദേശീയ കണ്ടൽ ദിനാഘോഷത്തോടനുബന്ധിച്ച് കണ്ടൽവന സംരക്ഷണം എന്ന വിഷയത്തെ അധികരിച്ച് വനം വന്യജീവി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ജൂലൈ 26) ഏകദിന ശില്പശാല നടക്കും.

വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ, അപ്പോളോ ടയേഴ്സ് എന്നിവയുടെ സഹകരണത്തോടെ തിരുവനന്തപുരത്തെ ഹോട്ടൽ അപ്പോളോ ഡിമോറയിൽ നടക്കുന്ന ശില്പശാല രാവിലെ 10 മണിക്ക് വനം മന്ത്രി അഡ്വ കെ രാജു ഉദ്ഘാടനം ചെയ്യും. വനംവകുപ്പ് മേധാവി പി കെ കേശവൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മഹാരാഷ്ട്ര വനംവകുപ്പ് മാൻഗ്രോവ് സെൽ എ പി സി സി എഫ് എൻ വാസുദേവൻ മുഖ്യപ്രഭാഷണം നടത്തും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, അപ്പോളോ ടയേഴ്സ് സി എസ് ആർ ഹെഡ് റിനിക ഗ്രോവർ തുടങ്ങിയവർ സംബന്ധിക്കും. കണ്ണൂർ കണ്ടൽ പ്രോജക്ട് യുണൈറ്റഡ് ഫോർ ബയോഡൈവേഴ്സിറ്റി എന്ന ഡോക്യുമെന്ററിയുടെ പ്രദർശനവും ഉദ്ഘാടന ചടങ്ങിനോടനുബന്ധിച്ച് നടക്കും.

തുടർന്നുള്ള സെഷനിൽ **കണ്ണൂർ കണ്ടൽ സംരക്ഷണം: പ്രദേശിക-കോർപ്പറേറ്റ് തലങ്ങളിൽ** എന്ന വിഷയത്തിൽ വൈൽഡ്ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ പ്രതിനിധി പ്രൊഫ. ബി സി ചൗധരിയും **കണ്ടൽ വനസംരക്ഷണത്തിൽ മഹാരാഷ്ട്ര സർക്കാരിന്റെ നയസമീപനം** എന്ന വിഷയത്തിൽ മഹാരാഷ്ട്ര വനംവകുപ്പ് മാൻഗ്രോവ് സെൽ എ പി സി സി എഫ് എൻ വാസുദേവനും സംസാരിക്കും. ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ മോഡറേറ്ററാകും. ഉച്ചയ്ക്കുശേഷം, **കേരളത്തിലെ കണ്ടൽ വനസംരക്ഷണത്തിൽ പൊതു-സ്വകാര്യ മേഖലയുടെ പങ്കാളിത്തം** എന്ന വിഷയത്തിൽ നടക്കുന്ന പാനൽ ചർച്ചയിൽ ചീഫ് സെക്രട്ടറി ടോം ജോസ് മോഡറേറ്ററായിരിക്കും. വിഷയ വിദഗ്ധർക്കുപുറമേ വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സത്യജീത് രാജൻ, മുഖ്യ വനംമേധാവി പി കെ കേശവൻ എന്നിവരും സംസാരിക്കും.

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ